III ഇ.ബി. XII-കേരള നിയമസഭ/VI-7

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**<u>2007 സെപ്റ്റംബർ 12, ബുധൻ</u>**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള ബഹിഷ്ക്കരിക്കുന്നതായി ചോദ്യകർത്താവ് ശ്രീ. വി. ഡി. സതീശൻ അറിയിച്ചു.

(പ്രതിപക്ഷാംഗങ്ങൾ വായ്മൂടിക്കെട്ടി ബാനറുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അവരവരുടെ സീറ്റുകളിൽ ഇരിക്കുകയായിരുന്നു.)

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ *181,*182, *184 എന്നിവ സഭയിൽ ഉന്നയിക്കപ്പെട്ടില്ല. *183, *185, *186, *187 എന്നീ നാല് ചോദ്യങ്ങൾ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

കിളിരൂർ സംഭവം സംബന്ധിച്ച്. 11-9-07-ന് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ അവസരം നിഷേധിച്ചതിലൂടെ ഏറ്റവും സജീവമായ പ്രശ്നംപോലും സഭയിൽ ഉന്നയിക്കാൻ പ്രതിപക്ഷത്തിന് അവസരം നിഷേധിക്കുകയാണെന്നും ശാരിയുടെ മാതാപിതാക്കൾ നൽകിയ നിവേദനത്തിൽ പറയുന്ന വി.ഐ.പി.. ആരാണെന്നുള്ള കാര്യം മുഖ്യമന്ത്രി വെളിപ്പെടുത്തണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു. എന്നാൽ ശാരിയുടെ മരണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ അന്വേഷണം തൃപ്തികരമല്ലെന്നും അതുകൊണ്ട് സി.ബി.ഐ.യിലെ സീനിയറായ ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും ശാരിയുടെ മാതാപിതാക്കൾ ആവശ്യപ്പെട്ടതനുസരിച്ച് സി.ബി.ഐ.ക്ക് കത്ത് എഴുതിയിരിക്കുകയാണെന്നും അതിന്റെ എല്ലാ സത്യാവസ്ഥയും പുറത്തുകൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.

.

## II.ശ്രദ്ധ ക്ഷണിക്കൽ

1. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതരത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് മത്സ്യം ഇറക്കുമതി ചെയ്യാൻ നടക്കുന്ന നീക്കംമൂലം ഈ രംഗത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

2. കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ഭക്ഷ്യ സുരക്ഷാ മിഷനിൽ കേരളത്തെക്കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## III.ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

ഐ. എസ്. ആർ. ഒ.ക്ക് സ്പേയ്സ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തി.

## IV. ക്രമപ്രശ്നം

റൂൾ 300 അനുസരിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൻമേൽ ചർച്ച വേണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. എം. മാണി ക്രമപ്രശ്നമുന്നയിക്കുകയും ചർച്ച നടത്തുന്ന കാര്യം ഗവൺമെന്റുമായി ആലോചിച്ച് തീരുമാനിക്കാമെന്ന് സ്പീക്കർ അറിയിക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ചുകൊണ്ടിരുന്നു. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കാത്തതിനെത്തുടർന്ന്. .രാവിലെ **10.10**–ന് നിറുത്തിവച്ച സഭ ഉച്ചയ്ക്കുശേഷം വീണ്ടും **12.05** –ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിച്ചു.

## V.റൂളിംഗ്

നിയമസഭാ ചട്ടം 300 അനുസരിച്ച് പൊതുപ്രാധാന്യമുള്ള വിഷയത്തെപ്പറ്റി സ്പീക്കറുടെ അനുവാദത്തോടുകൂടി മന്ത്രിക്ക് ഒരു

പ്രസ്താവന നടത്താവുന്നതാണെന്നും എന്നാൽ അതിൻമേൽ യാതൊരുവിധത്തിലുള്ള ചോദ്യവും അനുവദനീയമല്ലെന്നും ചർച്ച ആവശ്യമെന്നു തോന്നുന്നപക്ഷം ഒരു നോട്ടീസ് കൊടുത്ത് ബിസ്സിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയാണ് പതിവെന്നും ഇന്ന് സഭയിലുണ്ടായ സംഭവങ്ങൾ അത്യന്തം ഖേദകരമാണെന്നും മേലിൽ ഇത്തരം സംഭവങ്ങളുണ്ടായാൽ അത് ചെയർ ഗൗരവമായി കാണുമെന്നും നാളിതുവരെയും സഭയിൽ നിഷ്പക്ഷമായ. നിലപാടുതന്നെയാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഭരണ-പ്രതിപക്ഷ മെമ്പർമാർ ചെയറിനോട് സഹകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

ഇതുപോലെ വിവാദപരമായ ഒരു പ്രശ്നത്തെക്കുറിച്ച് റൂൾ 300 അനുസരിച്ച് മുഖ്യമന്ത്രി പ്രസ്താവന നടത്തുന്നത് ആദ്യമായിട്ടാണെന്നും ചർച്ച അനുവദിക്കാത്തത് നിർഭാഗ്യകരമാണെന്നും വകുപ്പുമന്ത്രിയെ മാറ്റിനിർത്തിക്കൊണ്ടുള്ള അന്വേഷണം നടത്താതെ പ്രതിപക്ഷം തൃപ്തിപ്പെടുകയില്ലെന്നും ഇതിനൊന്നും തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാ നടപടികൾ ബഹിഷ്ക്കരിച്ച് ഇന്നത്തെ ബിസിനസ് തീരുന്നതുവരെ സഭാകവാടത്തിൽ പ്രതിപക്ഷം സത്യാഗ്രഹം അനുഷ്ഠിക്കാൻ പോകുകയാണെന്നും പ്രതിപക്ഷനേതാവ് അറിയിക്കുകയും പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോകുകയും ചെയ്തു. .

സംസ്ഥാന ഗവൺമെന്റ് ചർച്ചയ്ക്ക് ഒരിക്കലും എതിരല്ലെന്നും ചട്ടപ്രകാരം ഏതവസരത്തിലും നോട്ടീസ് കൊടുത്ത് ചർച്ചയാകാമെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി വെളിപ്പെടുത്തി.

ഭരണ-പ്രതിപക്ഷ കക്ഷികൾ സ്പീക്കറുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് പരസ്പര ധാരണയോടുകൂടി സഭാ നടപടികൾ തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതെന്നും അഴിമതിക്കാർ രക്ഷപ്പെടുകയില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു..

## VI.സബ്മിഷൻ

1. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ വൈദ്യുതരംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

2. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്സുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ.വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

3. ചവറ കെ. എം. എം. എൽ. വികസന പദ്ധതി സംബന്ധിച്ച് ശ്രീ. എ. എ. അസീസ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

4. ഇരിവേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ അപര്യാപ്തത സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

5. റെയിൽവേ മേൽപ്പാലങ്ങളുടെ പണി ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബനധിച്ച് ശ്രീ. കെ. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

6. കുടിയേറ്റക്കാരായ പട്ടികവിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ശ്രീമതി കെ. കെ. ലതിക ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

## VII. റിപ്പോർട്ട് സമർപ്പണം

1) 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനേയും 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3) പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII. നിയമനിർമ്മാണ കാര്യം:

**2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബില്ലും ബിൽ IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ആനത്തലവട്ടം ആനന്ദനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. ജോസ് തെറ്റയിലും സംസാരിച്ചു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി ചർച്ചയ്ക്ക് മറുപടി നൽകി.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ IV-*ാം നമ്പർ* സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും

### (എ) <u>2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി കെ. കെ.

ലതികയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി കെ. എസ് സലീഖയും അവതരിപ്പിച്ച് സംസാരിച്ചു.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കപ്പെട്ടില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(ബി) <u>2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ</u>**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. പി. മോഹനനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കപ്പെട്ടില്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സി) <u>2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച് സംസാരിച്ചു.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതി. സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ 9-ാം വകുപ്പിന് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും 10-ാം വകുപ്പിന് ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതിയും 15-ാം വകുപ്പിന് ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2007 സെപ്തംബർ മാസം 13-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.28-ന് പിരിഞ്ഞു.